സംഘടന നടപ്പിലാക്കാൻ കഴിഞ്ഞിരുന്നില്ല. ഗവൺമെൻറിൻെറ നയപരിപാടികളേയും പദ്ധതികളെയുംപറ്റി സാമാന്യജനങ്ങളെ ബോധവാൻമാരാക്കുകയും അവരുടെ പ്രതികരണങ്ങളും ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുക—എന്ന സുപ്രധാനമായ കർത്തവ്യം വേണ്ടവണ്ണം നിർവ്വഹിക്കത്തക്കവിധം പബ്ലിക്റിലേഷൻസ് വകുപ്പു ശാസ്ത്രീയാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കപ്പെട്ടിരുന്നില്ലെന്ന് ഗവൺമെൻറിന് ബോദ്ധ്യമായതിനാൽ ഉടനടി ഡിപ്പാർട്ടുമെൻറിൻെറ പുനഃസംഘടനയ്ക്കു വേണ്ട സത്വരനടപടികളും എടുക്കേണ്ടതായിവന്നു.

(ബി) ഈ പുനഃസംഘടനമൂലം ആണ്ടിൽ ഏതാണ്ട് ഇരുപത്താറായിരത്തോളം രൂപ അധികച്ചെലവു വരുമെന്ന് കരുതുന്നു.

ലൈബ്രറിബിൽ

* 170. [620] ശ്രീ. കെ. സി. വാമദേവൻ: താഴെക്കാണുന്ന ചോദ്യത്തിനു വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടിനൽകുമോ:

സംസ്ഥാനത്തെ ഗ്രന്ഥശാലാപ്രസ്ഥാനത്തിന് പുരോഗതി കൈവരുത്തുന്ന 'ലൈബ്രറിബിൽ' അവതരിപ്പിക്കാനുള്ള കാലതാമസത്തിനു കാരണമെന്ത്?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സംസ്ഥാനത്തെ ഗ്രന്ഥശാലാപ്രസ്ഥാനത്തിനുവേണ്ടി തയാറാക്കിയിട്ടുള്ള കരടു ലൈബ്രറിബിൽ ഗവൺമെൻറിൻെറ സജീവപരിഗണനയിലിരിക്കുകയാണ്. സംസ്ഥാനത്തെ വിവിധതലങ്ങളിലുള്ള ലൈബ്രറി പ്രവർത്തകൻമാരുമായി ചർച്ച ചെയ്തതിനു ശേഷം കരടു ബില്ലിന് അവസാനരൂപം നൽകി നിയമസഭയിൽ അവതരിപ്പിക്കുന്നതാണ്. ഇതിന് വേണ്ട സത്വരനടപടികളും സ്വീകരിച്ചിട്ടുണ്ട്.

മലയാളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

* 171. [625] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൻെറ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എങ്ങിനെ?

വിദ്യാഭ്യാസവും ആഭ്യന്തരവുംമന്ത്രി, (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ):

(എ, ബി) ഇൻസ്റ്റിറ്റ്യൂട്ടിൻെറ പ്രവർത്തനങ്ങൾ ഇപ്പോൾ ഊർജ്ജിതത്തിലാണ് നടക്കുന്നത്.

ഹെഡ്കോൺസ്റ്റബിൾ ടെസ്റ്റ്.

* 172. [626] ശ്രീ. എം. കെ. ജോർജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പോലീസ് സേനയിൽ ഹെഡ്കോൺസ്റ്റബിൾ ടെസ്റ്റ് പാസ്സാകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാർക്കിൽ ലോക്കലും, റിസർവ്വും തമ്മിൽ എന്തെങ്കിലും ശതമാനവ്യത്യാസം നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly